ഉദരരോഗ നിർണയ ക്യാമ്പ് നാളെ

തിരുവനന്തപുരം: വർക്കല എസ്.എൻ മിഷൻ ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ വിവിധ ഉദരാശയരോഗങ്ങളുടെ നിർണയത്തിനും വിദഗ്ദ്ധ ചികിത്സയ്ക്കുമായി സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. നാളെ രാവിലെ 9 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ നടക്കുന്ന ക്യാമ്പിന് പ്രമുഖ ലപ്രോസ്കോപ്പിക് സർജൻ ഡോ. ബൈജു സേനാധിപൻ നേതൃത്വം നൽകും. വിവിധ തരം ഹെർണിയകൾ, പാൻക്രിയാറ്റിക്, ഗാൾ ബ്ളാഡർ സ്റ്റോണുകൾ, ഫാറ്റി ലിവർ, ഹെപ്പറ്റൈറ്റിസ് ബി, സി ഉൾപ്പെടെയുള്ള കരൾരോഗങ്ങൾ, ഉദരാശയ അർബുദങ്ങൾ, മലാശയ രോഗങ്ങൾ, അമിതവണ്ണം തുടങ്ങിയവ മൂലം ബുദ്ധിമുട്ടുന്നവർക്ക് പങ്കെടുക്കാം. ക്യാമ്പിൽ 7500 രൂപ വരുന്ന കരൾരോഗ പരിശോധനയായ ഫൈബ്രോസ്കാൻ സൗജന്യമായി നടത്താം. സൗജന്യ രജിസ്ട്രേഷന് ഫോൺ: 97479 33476.

സ്വാശ്രയ ഫീസ് വർദ്ധന പുനഃപരിശോധിക്കണം

തിരുവനന്തപുരം: സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പി.ജി.കോഴ്സ് ഫീസ് മൂന്നിരട്ടിയാക്കി വർദ്ധിപ്പിച്ച നടപടി സർക്കാർ പുനഃപരിശോധിക്കണമെന്ന് സി.എം.പി പോളിറ്റ് ബ്യൂറോ അംഗം അഡ്വ. ജി.സുഗുണൻ ആവശ്യപ്പെട്ടു. ഡെങ്കിപ്പനിയും പകർച്ചപ്പനിയും തടയാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. റബർ മേഖലയെ തകർക്കാനുള്ള കേന്ദ്രനീക്കം ചെറുക്കാൻ സംസ്ഥാന സർക്കാർ തയ്യാറാവണമെന്നും സുഗുണൻ പറഞ്ഞു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡെങ്കിപ്പനി പടരുന്നു

കുറുന്തോട്ടിക്കും വാതം

▸പ്രത്യേക ലേഖകൻ

തിരുവനന്തപുരം: കൊതുകുപടയുടെ വിളയാട്ടത്തിൽ പനിച്ച് വിറയ്ക്കുന്ന തിരുവനന്തപുരം ജില്ലയ്ക്ക്, കൂനിന്മേൽകുരുപോലെ തിരുവനന്തപുരം മെഡിക്കൽ കോളേജിലും ഡെങ്കിപ്പനി പടരുന്നു. മൂന്ന് ഹൗസ് സർജന്മാർക്കും ഒരു ഡോക്ടർക്കുമാണ് ഡെങ്കിപ്പനി സ്ഥിരീകരിച്ചത്. മൂന്ന് ഹൗസ് സർജന്മാർ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. മൂന്ന് ഹൗസ് സർജൻസും രണ്ട് ജീവനക്കാരും ഡെങ്കിപ്പനി സംശയത്തിലാണ്.

മറ്റേതെങ്കിലും രോഗത്തിന് ചികിത്സ തേടി മെഡിക്കൽ കോളേജിലെത്തിയാൽ ഡെങ്കിപ്പനി ഫ്രീ എന്നതാണ് നിലവിലെ അവസ്ഥ. തലസ്ഥാനത്ത് ഡെങ്കിപ്പനി നിയന്ത്രണ വിധേയമായിട്ടില്ലെന്ന് ആരോഗ്യ സെക്രട്ടറി പറയുമ്പോഴും മെഡിക്കൽ കോളേജിൽ പ്രത്യേക പനി വാർഡോ പ്രത്യേക ഒ.പിയോ തുറന്നിട്ടില്ല.

ഹൃദ്രോഗവും ശ്വാസംമുട്ടലും അടക്കമുള്ള മറ്റ് രോഗങ്ങൾ ബാധിച്ച് എത്തുന്നവർക്ക് ഒപ്പമാണ് വാർഡിൽ ഡെങ്കിപ്പനി ബാധിതരെയും കിടത്തുന്നത്. കൊതുക് കോട്ടയായ ഇവിടെ കൊതുക് വല പോലും നൽകാതെയാണ് ഡെങ്കിപ്പനി ബാധിതരെ വാർഡിൽ മറ്റുള്ളവർക്ക് ഒപ്പം കിടത്തിയിരിക്കുന്നത്. ആവശ്യമായ മുൻകരുതലുകൾ എടുക്കുന്ന ഡോക്ടർമാർക്ക് തന്നെ ഡെങ്കിപ്പനി ബാധിച്ചതിനാൽ സദാ സമയം വാർഡുകളിൽ കഴിയേണ്ടി വരുന്ന നഴ്സുമാരും മറ്റ് ജീവനക്കാരും രോഗികളുടെ കൂട്ടിരിപ്പുകാരും ഭീതിയിലാണ്. പനിബാധിതരെ കൊണ്ട് വാർഡുകൾ നിറഞ്ഞതിനാൽ ഗുരുതരമായ രോഗങ്ങൾ ബാധിച്ച് എത്തുന്നവരെ കിടത്താനാവാത്ത അവസ്ഥയാണ്. കാഷ്വാലിറ്റി വാർഡിലും നിന്ന് തിരിയാൻ സ്ഥലമില്ല.

ഡെങ്കിപ്പനി ബാധിച്ച് രക്തത്തിന്റെ കൗണ്ട് തീരെ കുറഞ്ഞ് അപകടാവസ്ഥയിലായവരെ മാത്രമാണ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നത്. കിടത്തി ചികിത്സ ആവശ്യമായ മറ്റുള്ളവരോട് എന്തെങ്കിലും ഗുരുതര ലക്ഷണം കണ്ടാൽ എത്രയും വേഗം ആശുപത്രിയിൽ എത്താൻ നിർദ്ദേശിച്ച് മടക്കുകയാണ്.

ഡോക്ടർമാർക്ക് അടക്കം ഡെങ്കിപ്പനി ബാധിക്കുകയും ഒരു ജീവനക്കാരൻ മരിക്കുകയും ചെയ്ത ജനറൽ ആശുപത്രിയിൽ ആരോഗ്യമന്ത്രി കെ.കെ.ശൈലജ കഴിഞ്ഞ ദിവസം മിന്നൽ സന്ദർശനം നടത്തി ആശുപത്രി വൃത്തിയാക്കാൻ നിർദ്ദേശം നൽകിയിരുന്നു. ഇതിന് തൊട്ടുപിന്നാലെയാണ് മെഡിക്കൽ കോളേജും ഡെങ്കിപ്പനി ഭീതിയിലായത്.

- ജില്ലയിൽ ഡെങ്കിപ്പനി നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടില്ല
- സംസ്ഥാനത്ത് ഇന്നലെ ഡെങ്കിപ്പനി സ്ഥിരീകരിച്ചത് 106 പേർക്ക്
- 66 പേരും തിരുവനന്തപുരം ജില്ലയിൽ നിന്നാണ്
- കൊല്ലത്ത് കഴിഞ്ഞ ദിവസം 44 പേർക്ക് ഡെങ്കി സ്ഥിരീകരിച്ചു
- ഈ വർഷം പനി ബാധിച്ച് മരിച്ചവരുടെ എണ്ണം 71
- ഈ മാസം 165 പേർക്ക് എച്ച് 1 എൻ 1 ബാധിച്ചതിൽ 13 പേർ മരിച്ചു

എച്ച് 1 എൻ 1 മരണനിരക്ക് ഉയരുന്നു

ഒരു വഴിക്ക് ഡെങ്കിപ്പനിയിൽ കേരളം വിറയ്ക്കുമ്പോൾ മറുവഴിയിലൂടെ എച്ച് 1 എൻ 1 മരണനിരക്കും ഉയരുകയാണ്. ഇന്നലെ മൂന്ന് പേരാണ് എച്ച് 1 എൻ 1 ബാധിച്ച് മരിച്ചത്. ഇതോടെ ഈ വർഷം എച്ച് 1 എൻ 1 ബാധിച്ച് മരിച്ചവരുടെ എണ്ണം 39 ആയി. കൊല്ലം, പത്തനംതിട്ട, പാലക്കാട് ജില്ലകളിലാണ് ഇന്നലെ മരണം സംഭവിച്ചത്. കോഴിക്കോട്ട് എലിപ്പനി സംശയിക്കുന്ന ഒരാളും മരിച്ചു.

അപകടകരമായ ലക്ഷണങ്ങൾ

1. തുടർച്ചയായ ഛർദ്ദി, ആലസ്യം
2. ശരീരോഷ്മാവ് പെട്ടെന്ന് കുറയുക
3. രക്തസ്രാവം, വിളർച്ച
4. അസഹനീയമായ തണുപ്പ്
5. സന്ധികളിലും മാംസപേശികളിലും വേദന
6. കരൾ വീക്കം, മാനസികനില തെറ്റുക



- പനിയുമായി ബന്ധപ്പെട്ട എല്ലാ പരിശോധനകളും സൗജന്യമാക്കാനും പനിവാർഡും പനി ക്ലിനിക്കും ആരംഭിക്കാനും ഇന്ന് തന്നെ തീരുമാനം ഉണ്ടാകും
- ഇക്കാര്യത്തിൽ നേരത്തേ സൂപ്രണ്ട് തീരുമാനം എടുത്തെങ്കിലും അത് നടപ്പാക്കാൻ ആശുപത്രിയുമായി ബന്ധപ്പെട്ടവർ തന്നെ തടസം നിൽക്കുകയായിരുന്നു

> “എല്ലാ ഡിപ്പാർട്ട്മെന്റ് തലവന്മാരെയും ആശുപത്രിയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുടെയും തലവന്മാരുടെയും യോഗം ഇന്ന് രാവിലെ വിളിച്ച് അടിയന്തര നടപടി സ്വീകരിക്കും.
>
> *ഡോ.എം.എസ്.ഷർമ്മദ്, സൂപ്രണ്ട്, മെഡിക്കൽ കോളേജ്*

ആക്കുളം ടൂറിസം പദ്ധതിയിലൂടെ ഒഴുകിയത് 30 കോടി

തിരുവനന്തപുരം: കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന ആക്കുളം ടൂറിസം പദ്ധതിയിലൂടെ 30 കോടിയാണ് ഒഴുകിപ്പോയതെന്നും അതിലെ 9 കോടിയെപ്പറ്റി വ്യക്തതയുണ്ടാവണമെന്നും മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. കായലിനെ ശുദ്ധീകരിച്ച് നടപ്പാതയടക്കമുള്ളവയായിരുന്നു പദ്ധതിയിൽ പറഞ്ഞിരുന്നത്. ഒന്നും നടന്നില്ല. കുറേ മണ്ണ് വാരി കരയിലിട്ടതാണ് ആകെ നടന്നത്. കോട്ടയത്തെ ഒരു സിമന്റ് കമ്പനിയാണ് പദ്ധതിയുടെ നടത്തിപ്പുകാർ. 9 കോടി രൂപ ശമ്പളം കൊടുത്തുവെന്നാണ് കമ്പനി പറയുന്നത്. അതിനെപ്പറ്റി വ്യക്തത ഉണ്ടാവേണ്ടിയിരിക്കുന്നു. വിജിലൻസ് നടത്തുന്ന അന്വേഷണം ഒച്ചിഴയുന്നതുപോലെയാണെന്നും കടകംപള്ളി പറഞ്ഞു. അംജത് അലിഖാൻ വേളിയിൽ കഴിഞ്ഞ സർക്കാർ നൽകിയ രണ്ട് ഏക്കർ തിരിച്ചെടുക്കുന്നതിൽ അനൗചിത്യമുണ്ടെന്നും മന്ത്രി പറഞ്ഞു.

പെൻഷൻകാരുടെ സമ്മേളനം സമാപിച്ചു

തിരുവനന്തപുരം: കേരള സ്റ്റേറ്റ് സർവീസ് പെൻഷണേഴ്സ് യൂണിയൻ രജതജൂബിലി സമ്മേളനം സമാപിച്ചു. പെൻഷൻകാരുടെ ആവശ്യങ്ങൾ സംസ്ഥാന സർക്കാർ അനുഭാവപൂർവം പരിഗണിക്കുമെന്ന് ട്രേഡ് യൂണിയൻ സൗഹൃദ സമ്മേളനം ഉദ്ഘാടനം ചെയ്ത മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. സംസ്ഥാന ട്രഷറർ ജി.പത്മനാഭപിള്ള അദ്ധ്യക്ഷത വഹിച്ചു. സി.ഐ.ടി.യു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ, എൻ.ജി.ഒ യൂണിയൻ ജനറൽ സെക്രട്ടറി ടി.സി.മാത്തുക്കുട്ടി, കെ.എസ്.ടി.എ ജനറൽ സെക്രട്ടറി കെ.സി. ഹരികൃഷ്ണൻ, എൻ.ജി.ഒ അസോസിയേഷൻ പ്രസിഡന്റ് എൻ. രവികുമാർ, ജോയിന്റ് കൗൺസിൽ ജനറൽ സെക്രട്ടറി എസ്. വിജയകുമാരൻ നായർ തുടങ്ങിയവർ സംസാരിച്ചു. സാംസ്കാരിക സമ്മേളനം പുരോഗമനകലാ സാഹിത്യ സംഘം ജനറൽ സെക്രട്ടറി വി.എൻ. മുരളി ഉദ്ഘാടനം ചെയ്തു. രജതജൂബിലി സമ്മേളനത്തിന്റെ ഭാഗമായി വി.ജെ.ടി ഹാളിൽ നടന്ന സുഗന്ധം കലാ സാംസ്കാരിക സംഗമം പ്രൊഫ. വി.മധുസൂദനൻ നായർ ഉദ്ഘാടനം ചെയ്തു.

ദർശനെ നിംസ് മെഡിസിറ്റി നടപ്പിലാക്കുന്ന ‘സാന്ത്വനം 2017 ചാരിറ്റി’ പരിപാടിയിലുൾപ്പെടുത്തി ഏറ്റെടുക്കുന്ന പ്രഖ്യാപനം കെ. ആൻസലൻ എം.എൽ.എ നിർവഹിക്കുന്നു

ജീവിതവഴിയിൽ കുഞ്ഞു ദർശന് കൂട്ടായി നിംസ് മെഡിസിറ്റിയും

KAUMUDI IMPACT

നെയ്യാറ്റിൻകര: വിധിയുടെ വിളയാട്ടത്തിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട ആറുവയസുകാരൻ ദർശന് സഹായഹസ്തവുമായി നിംസ് മെഡിസിറ്റി.

നെയ്യാറ്റിൻകര പെരുമ്പൻകുഴി കരിപ്രകോണം ജയഭവനിൽ പരേതരായ ജയന്റെയും മഞ്ജുഷയുടെയും മകൻ ദർശനെയാണ് കഴിഞ്ഞദിവസം നിംസ് മെഡിസിറ്റി ഏറ്റെടുത്തത്.

കഴിഞ്ഞ 20ന് പാറശ്ശാല മഹാദേവക്ഷേത്രത്തിലെ ശിവശങ്കരനെന്ന ആനയുടെ കുത്തേറ്റാണ് പാപ്പാനായിരുന്ന ജയൻ (മുരുകൻ -35) മരിച്ചത്. മാതാവ് മഞ്ജുഷയും കാൻസർ ബാധിച്ച് മൂന്ന് വർഷം മുമ്പ് മരിച്ചിരുന്നു. ഇതോടെ ജീവിതവഴിയിൽ ദർശന് കൂട്ടായി മുത്തശ്ശി തങ്കം മാത്രമായി. പാറശ്ശാല ചെറുവാരക്കോണം സാമുവേൽ എൽ.എം.എസ് എൽ.പി സ്കൂളിലെ രണ്ടാംക്ലാസ് വിദ്യാർത്ഥിയാണ് ദർശൻ.

ദർശനെക്കുറിച്ച് ഇന്നലെ കേരളകൗമുദി വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. നിംസ് മെഡിസിറ്റി എം.ഡി എം.എസ്. ഫൈസൽഖാൻ നഴ്സിംഗ് കോളേജ് അധികൃതർക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി. മെഡിസിറ്റി നടപ്പിലാക്കുന്ന ‘സാന്ത്വനം 2017 ചാരിറ്റി’ പദ്ധതിയുടെ ഭാഗമായാണ് കുട്ടിയെ ഏറ്റെടുത്തത്. ഉപരിപഠനം അടക്കമുള്ള എല്ലാ സഹായവും നിംസ് മെഡിസിറ്റിയും സന്നദ്ധസംഘടനകളും വാഗ്ദാനം ചെയ്തിട്ടുണ്ട്.

കെ. ആൻസലൻ എം.എൽ.എ, നഗരസഭാ ചെയർപേഴ്സൺ ഡബ്ല്യു.ആർ. ഹീബ, വൈസ്ചെയർമാൻ കെ.കെ. ഷിബു, നിംസ് മെഡിസിറ്റി വൈസ് പ്രിൻസിപ്പൽ ജോസ് ഫിൻ, നെയ്യാറ്റിൻകര സി.ഐ കെ.എസ്. അരുൺ, ജോസ് ഫ്രാങ്ക്ലിൻ, നഗര വികസന സമിതി ചെയർമാൻ ഓലത്താന്നി അനിൽ, ഓലത്താന്നി വികുറി സ്കൂൾ മാനേജർ രജീവ് എന്നിവർ തങ്കത്തിന്റെ വീട്ടിലെത്തി മധുരപലഹാരം നൽകിയാണ് കുട്ടിയെ ഏറ്റെടുത്തതായി പ്രഖ്യാപിച്ചത്.

ഫ്ലാറ്റ് നിർമാണത്തിന് അനുമതി നൽകിയതിൽ ക്രമക്കേട്: പഞ്ചായത്ത് സെക്രട്ടറിക്ക് സസ്പെൻഷൻ

▸ശ്യാംവെങ്ങാനൂർ

വിഴിഞ്ഞം: ചട്ടം ലംഘിച്ച് ചൊവ്വരയിൽ ഫ്ലാറ്റ് നിർമാണത്തിന് അനുമതി നൽകിയതിന് കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സജീവ്‌ലാലിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു.

പഞ്ചായത്ത് ഡയറക്ടറുടേതാണ് നടപടി. ചൊവ്വര ക്ലിഫിലാണ് 27 നിലകളുള്ള ഹോട്ടൽ ആൻഡ് അപ്പാർട്ട്മെന്റ് പ്രോജക്ടിനായി സ്വകാര്യ വ്യക്തിക്ക് കഴിഞ്ഞ മാർച്ചിൽ പഞ്ചായത്ത് സെക്രട്ടറി അനുമതി നൽകിയത്.

ഇതിനെതിരെ പ്രദേശത്തെ ഏതാനും പൊതു പ്രവർത്തകർ വിജിലൻസിൽ പരാതി നൽകിയിരുന്നു. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സസ്പെൻഷൻ.

കെട്ടിട നിർമാണ അനുമതി നൽകിയത് റദ്ദാക്കാനും സെക്രട്ടറിക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാനും ശുപാർശ ചെയ്തുകൊണ്ടുള്ള വിജിലൻസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ കത്ത് കഴിഞ്ഞ മാർച്ചിൽ ഡയറക്ടർക്ക് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് റദ്ദാക്കാൻ നടപടിയെടുക്കണമെന്ന് പഞ്ചായത്ത് സെക്രട്ടറിയോട് ഡെപ്യൂട്ടി ഡയറക്ടർ നിർദേശിച്ചു. തുടർന്ന് പഞ്ചായത്ത് സെക്രട്ടറി നിർമാണാനുമതി റദ്ദാക്കി. ഇതിനെതിരെ ഫ്ലാറ്റുടമ കോടതിയെ സമീപിച്ചു. കാരണം കാണിക്കൽ നോട്ടീസ് നൽകാതെയുള്ള റദ്ദാക്കൽ നടപടി തെറ്റാണെന്ന് ചൂണ്ടിക്കാട്ടി കോടതി റദ്ദാക്കൽ സ്റ്റേ ചെയ്തു.

ഫ്ലാറ്റ് നിർമാതാക്കൾക്ക് സ്റ്റേ നേടാനും അനധികൃത നിർമാണ പ്രവർത്തനം തുടരുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്തത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതര ക്രമക്കേടാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ സസ്പെൻഷൻ ഉത്തരവിൽ പറയുന്നു. മേയ് ആറിനാണ് സസ്പെൻഷൻ ഉത്തരവ് പുറപ്പെടുവിച്ചത്.

എന്നാൽ ഫ്ലാറ്റ് നിർമാണവുമായി ബന്ധപ്പെട്ട അനുബന്ധ അനുമതി സർട്ടിഫിക്കറ്റുകൾ ഫ്ലാറ്റ് നിർമാതാവ് ഹാജരാക്കുകയും പ്ലാൻ പഞ്ചായത്ത് എ.ഇ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയതെന്ന് സജീവ്‌ലാൽ പറഞ്ഞു.

അനുമതി നൽകുന്നത് പഞ്ചായത്ത് ഭരണ സമിതി വിസമ്മതിച്ചിരുന്നതായി കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.

ഫ്ലാറ്റ് നിർമാണത്തിന് അനുമതി നൽകരുതെന്ന് ആവശ്യപ്പെട്ട് വി.എസ്. അച്യുതാനന്ദൻ, വി.എസ്. സുനിൽകുമാർ, മുൻ എം.എൽ.എ ശിവൻകുട്ടി തുടങ്ങിവരുടെ നേതൃത്വത്തിൽ 2014ൽ സമരം നടന്നിരുന്നു.



ഫ്ലാറ്റ് നിർമാണാനുമതി നൽകിയ ചൊവ്വര ക്ലിഫിലെ വിവാദമായ സ്ഥലം. നിർമാണ ഭാഗം ഷീറ്റ് കൊണ്ട് മറച്ചിരിക്കുന്നു

ജാംനഗർ ഗവ. മെഡിക്കൽ കോളേജിൽ നിന്ന് എം.ഡി (അനസ്തേഷ്യ) പരീക്ഷയിൽ ഫസ്റ്റ് ക്ലാസ് നേടിയ ഡോ. അഞ്ജന ഗോപിനാഥ്. കഴക്കൂട്ടം അറപ്പുര വീട്ടിൽ ഗോപിനാഥൻ നായരുടെയും മണക്കാട് പൊയ്യാണി വീട്ടിൽ ശോഭനകുമാരിയുടെയും മകളാണ്

ഗസ്റ്റ് ലക്ചറർ ഇന്റർവ്യൂ

തിരുവനന്തപുരം: മലയിൻകീഴ് എം.എം.എസ്. ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ മലയാളം, ഹിന്ദി, കോമേഴ്സ് വിഷയങ്ങളിൽ ഗസ്റ്റ് ലക്ചററുടെ ഒഴിവിലേക്കുള്ള ഇന്റർവ്യൂ 25, 29 തീയതികളിൽ രാവിലെ 10ന് കോളേജ് ഓഫീസിൽ നടക്കും.

ദേശീയപാത കുഴിച്ചു ; കഴക്കൂട്ടത്ത് മണിക്കൂറുകളോളം ഗതാഗതക്കുരുക്ക്

കഴക്കൂട്ടം: കുടിവെള്ള പൈപ്പ് പൊട്ടി, വാട്ടർ അതോറിട്ടിക്കാർ എത്തി ദേശീയപാതയുടെ കുറുകെ കുഴിയെടുത്തു. ഒടുവിൽ പൈപ്പ്‌ലൈൻ കണ്ടെത്താനായതുമില്ല, വാഹനങ്ങൾക്ക് കടന്നുപോകാൻ കഴിയാതെ യാത്രക്കാരും വെട്ടിലായി. കഴക്കൂട്ടം വെട്ടുറോഡ് ദേശീയപാതയാണ് ഗതാഗതക്കുരുക്കിൽ വലഞ്ഞത്.

നഗരത്തിലെ ആശുപത്രികളിലേക്ക് പാഞ്ഞ ആംബുലൻസുകൾ പോലും ഗതാഗതക്കുരുക്കിൽപ്പെട്ട് വഴിയിൽ കിടപ്പായി. കഴക്കൂട്ടം ബസ് സ്റ്റാൻഡിനടുത്താണ് രണ്ടു ദിവസം മുമ്പ് പൈപ്പ് പൊട്ടി വെള്ളം പാഴായത്. വ്യാഴാഴ്ച രാത്രി ജീവനക്കാർ ജെ.സി.ബിയുമായി എത്തി റോഡിന് കുറുകെ കുഴിയെടുത്തു. കുഴിച്ച ഭാഗത്ത് പൈപ്പ് കണ്ടെത്താനായില്ല. ഇത് മണ്ണിട്ട് മൂടിയെങ്കിലും രാത്രിയോടെ പെയ്ത മഴയിൽ കുഴി വീണ്ടും രൂപപ്പെട്ടു. വാഹനങ്ങൾ തെന്നിമാറി കുഴിയിൽ വീണ് മുന്നോട്ട് പോകാൻ കഴിയാതെയായി. ഇന്നലെ രാവിലെ മുതൽ കഴക്കൂട്ടത്തെ കുരുക്ക് അതിരൂക്ഷമായതോടെ പൊലീസിന് നിയന്ത്രിക്കാൻ സാധിക്കാതെ വന്നു. വൈകിട്ടായപ്പോൾ ഇതേസ്ഥലത്തിനടുത്ത് വീണ്ടും കുഴിയെടുത്തതോടെ വാഹനങ്ങൾ ഇരുദിശയിലേക്കും ചലിക്കാത്ത അവസ്ഥയിലായി. പൊട്ടിയ പൈപ്പ് കടന്നുപോകുന്നതിനെക്കുറിച്ച് വാട്ടർ അതോറിട്ടിയുടെ അജ്ഞതയാണ് ഇതിന് കാരണമെന്ന് നാട്ടുകാരും വ്യാപാരികളും ആരോപിച്ചു.

കഴക്കൂട്ടത്തെ കുരുക്കിൽ അകപ്പെട്ട വാഹനങ്ങൾ

ആംബുലൻസ് ഡ്രൈവേഴ്സ് ആൻഡ് ടെക്നീഷ്യൻ അസോ. ഉദ്ഘാടനം

തിരുവനന്തപുരം: കേരള ആംബുലൻസ് ഡ്രൈവേഴ്സ് ആൻഡ് ടെക്നീഷ്യൻ അസോസിയേഷൻ ഉദ്ഘാടനം ഇന്ന് വൈകിട്ട് 5ന് പ്രസ് ക്ലബിൽ ഡെപ്യൂട്ടി സ്പീക്കർ വി. ശശി നിർവഹിക്കുമെന്ന് അസോസിയേഷൻ ട്രഷറർ ജലീൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ആംബുലൻസ് ഡ്രൈവേഴ്സിനും ടെക്നിഷന്മാർക്കുമുള്ള സംസ്ഥാനത്തെ ആദ്യ സംഘടനയാണിത്. സംസ്ഥാന പ്രസിഡന്റ് അജിൽ മണിമുത്തിന്റെ അദ്ധ്യക്ഷതയിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ വിജയം നേടിയവരെ കെ. മുരളീധരൻ . എം.എൽ.എ ആദരിക്കും. സബ് കളക്ടർ ദിവ്യാ എസ്. അയ്യർ, ബി. സത്യൻ എം.എൽ.എ തുടങ്ങിയവർ പങ്കെടുക്കും. വാർത്താസമ്മേളനത്തിൽ മനുഷ്യവകാശ സംരക്ഷണ സമിതി സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി വട്ടിയൂർക്കാവ് ജയലക്ഷ്മിയും പങ്കെടുത്തു.

സാധനാക്യാമ്പ്

തിരുവനന്തപുരം: ശ്രീ സത്യസായി സേവാ സംഘടനയുടെ സായിനീതി സംഘടിപ്പിക്കുന്ന ഏകദിന സാധന ക്യാമ്പ് ഇന്ന് നടക്കും. ഇടപ്പഴിഞ്ഞി അളകാപുരി ഓഡിറ്റോറിയത്തിന് സമീപം സിറ്റി സമിതിയിലാണ് ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നത്. സംഘടന പ്രസിഡന്റ് ഇ.മുകുന്ദൻ ഉദ്ഘാടനം ചെയ്യും.

കഞ്ചാവുമായി പള്ളി ശൗചാലയത്തിലേക്ക് കയറിയ യുവാവ് പിടിയിൽ

ആറ്റിങ്ങൽ: കഞ്ചാവുമായി ആലംകോട് മുസ്ലിം ജമാഅത്ത് പള്ളിയിലെ ശൗചാലയത്തിൽ കയറിയ യുവാവിനെ പള്ളിയിലുണ്ടായിരുന്നവർ പിടികൂടി പൊലിസിൽ ഏൽപിച്ചു.

ഇരവിപുരം സ്വദേശിയും മണനൂർ തോട്ടുമ്മാട് നൗഷാദ് മൻസിലിൽ താമസക്കാരനുമായ സെയ്ഫുദ്ദീൻ (38) ആണ് പിടിയിലായത്. ഇന്നലെ ഉച്ചയോടെ ഒരാൾ ശൗചാലയത്തിലേക്ക് ഓടിക്കയറുന്നത് കണ്ടവർ പള്ളി അധികൃതരോട് വിവരം പറയുകയായിരുന്നു.

ജീവനക്കാരും ഭാരവാഹികളും പല തവണ വിളിച്ചെങ്കിലും ഇയാൾ വാതിൽ തുറന്നില്ല. ഒടുവിൽ കതക് പൊളിച്ചു നോക്കുമ്പോൾ എന്തോ പൊടി കലക്കി സിറിഞ്ചിലാക്കി ഇഞ്ചക്ട് ചെയ്യാൻ ശ്രമിക്കുകയായിരുന്ന ഇയാളെ പിടികൂടി പൊലീസിൽ ഏല്പിക്കുകയായിരുന്നു. ഇയാളിൽ നിന്നും രണ്ട് പൊതി കഞ്ചാവും സിറിഞ്ചുകളും പൊടി കൊണ്ടുവന്നെന്ന് സംശയിക്കുന്ന കവറും കണ്ടെത്തി. ഇരവിപുരത്ത് നിന്നും ഭാര്യവീടായ തോട്ടയ്ക്കാടേക്ക് താമസം മാറിയ സെയ്ഫുദ്ദീൻ മയക്കുമരുന്നിന് അടിമയായതിനെ തുടർന്ന് ഡി അഡിക്ഷൻ സെന്ററിൽ ഒരു വർഷം മുമ്പ് ചികിത്സയിലായിരുന്നു.

അസ്വസ്ഥത തോന്നുമ്പോൾ നാക്കിനടിയിൽ ഇടാനായി ഇവിടെ നിന്ന് നൽകിയ മരുന്നാണ് കവറിൽ ഉണ്ടായിരുന്നതെന്നും ലഹരി കിട്ടാനായി ഈ പൊടി വെള്ളത്തിൽ അലിയിച്ച് ഇഞ്ചക്ട് ചെയ്യുക പതിവാണെന്നും ചോദ്യം ചെയ്യലിൽ ഇയാൾ പറഞ്ഞു. പെയിന്റിംഗ് ജോലി ചെയ്യുന്ന ഇയാൾ ഇപ്പോൾ കഞ്ചാവിന് അടിമയാണെന്ന് പൊലീസ് പറഞ്ഞു.

സെയ്ഫുദ്ദീൻ

ജലചൂഷണം: വാഹനവുമായി ഒരാൾ പിടിയിൽ

പൂവാർ: വൻതോതിൽ ജലചൂഷണം നടത്തിവന്ന സംഘത്തിലെ ഒരാളെ പൂവാർ പൊലീസ് പിടികൂടി. ജലം കടത്താൻ ശ്രമിച്ച വാഹനവും ടാങ്കുകളും പൊലീസ് കസ്റ്റഡിയിലെടുത്തു.

കരുങ്കുളം നാരകം നിന്ന വീട്ടിൽ ബിനുവിനെയും കെ.എൽ. 20 ഇ- 4603 എന്ന രജിസ്റ്റർ നമ്പരിലുള്ള ‘തലൈവർ’ എന്ന ടാറ്റാ എയിസ് വാഹനമാണ് എസ്.ഐ പ്രകാശും സംഘവും കഴിഞ്ഞ ദിവസം രാത്രിയിൽ പിടികൂടിയത്.

പൂവാറിനു സമീപം ഊറ്റുകുഴിയിലെ ഒരുവീട്ടിൽ നിന്നാണ് ജലം കടത്താൻ ശ്രമിച്ചതെന്ന് പൊലീസ് അറിയിച്ചു. നാട്ടുകാർ വിവരം പൊലീസിൽ അറിയിച്ചതിനെ തുടർന്നാണു നടപടി.

പിന്നീട് ബിനുവിലെ ജാമ്യത്തിൽ വിട്ടു. പിടിച്ചെടുത്ത വാഹനം സംബന്ധിച്ച റിപ്പോർട്ട്, പൊലീസ് ഇന്നു കളക്ടർക്ക് സമർപ്പിക്കും. പിഴ ഈടാക്കുന്നതിനു പകരം തൊണ്ടി മുതലായ ജലം വാഹന ഉടമയുടെ ചെലവിൽ ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ വിതരണം ചെയ്യുകയാണ് ഇപ്പോൾ ചെയ്യുന്നത്. പണമീടാക്കി വെള്ളം വിൽക്കുന്നവർക്കെതിരെയും നടപടിയുണ്ടാവുമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു.

ഗുരുസ്മരണ



“ഓം നമോ നാരായണായ:”
“ഗുരുസ്തുതി”
എല്ലാം നിന്നാലെ ഉണ്ടായി, എല്ലാം നീ രക്ഷ ചെയ്യുടൻ
എല്ലാം ഇല്ലാതെയാക്കുന്നു എല്ലാം നിൻ വൈഭവം വിഭോ
ഗുരുവും ഞാനും ആനീയും ഒരു രൂപത്തിലായുടൻ
വരുവാൻ വരമേകണം കരുണക്കാതൽ ദൈവമേ!

ഒന്നാം ചരമവാർഷികം (20.05.2017)

എസ്.സന്തോഷ്
ഐശ്വര്യ, ഇടവ.
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ദുഃഖിതയായ,
ഭാര്യ : സുജാത സന്തോഷ്
അമ്മ : സരള,
മക്കൾ : സജിൻ, ഷാജിൻ,
മരുമകൾ : ജിഷ, ചെറുമകൾ : അനഘ,
സഹോദരങ്ങൾ : രാജമോഹൻ, സീലിയ.

നാലാം ചരമവാർഷികം (20.05.2017)

എസ്. ഓമന
കടയിൽവീട്,
മാമ്പള്ളി, അഞ്ചുതെങ്ങ്.
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ഭർത്താവ് : വി. അശോകൻ,
മക്കൾ : പരേതയായ പ്രഭ, ദീപു, ദീപ,
മരുമക്കൾ : ശോഭനൻ, ബെന്നി, അനിൽ, ചെറുമക്കളും.

സമാധിയായി

17.05.2017-ൽ ബ്രഹ്മശ്രീരവീന്ദ്രൻ (75 വയസ്സ്) സമാധിയായി.
പുതൂർക്കോണം,
വട്ടിയൂർക്കാവ്. 8137056155.
മകൻ.